**No. CEE/4900/2015/KEAM-2016/TA1**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മെഡിക്കൽ കോഴ്സുകളിലേയ്ക്കും അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്-2016

**(സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ, യുനാനി കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ്)**

## ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്

2016-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള ഓൺലൈൻ അലോട്ട്മെന്റ് നടപടിക്രമങ്ങൾ **21.10.2016 (വെള്ളിയാഴ്ച)** ആരംഭിക്കും.

ഈ അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഓപ്ഷൻ പുന:ക്രമീകരണം, റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **21.10.2016** ന് ഉച്ചയ്ക്ക് **2** മണി മുതൽ **23.10.2016** വൈകുന്നേരം **4** മണി വരെ ലഭ്യമാകുന്നതാണ്. **23.10.2016** വൈകുന്നേരം **4** ണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **23.10.2016, 9 pm** ന് അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക **24.10.2016** മുതൽ **25.10.2016** വരെയുള്ള തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിലോ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. ഫീസ്/ബാക്കി തുക അടച്ചതിനു ശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **25.10.2016 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 21.10.2016 (2 pm) | **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും, **പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും** വെബ്സൈറ്റ് സജ്ജമാകുന്നു. |
| 23.10.2016 (4 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **23.10.2016 (9 pm)** | **അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| 24.10.2016 to 25.10.2016 | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ/ഓൺലൈനായി ഫീസ്/ ബാക്കി തുക ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 25.10.2016, 5.30 pm | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് OAMS മുഖേന സമർപ്പിക്കണം. |

**മേൽപറഞ്ഞ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും** എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള **അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല**. ഈ കോഴ്സുകളിലുള്ള ഇവരുടെ ഹയർ ഓപ്ഷനുകൾ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ നിലവിലുള്ള അലോട്ട്മെന്റ് നിലനിൽക്കുന്നതായിരിക്കും.

ഈ ഘട്ടത്തിൽ താഴെപറയുന്ന കോളേജുകളിലേയ്ക്ക് പുതുതായി ഓപ്ഷനുകൾ നൽകാവുന്നതാണ് *

| Sl. No | College Code | Name of College |
|---|---|---|
| **എയ്ഡഡ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ** | | |
| 1 | **EKH** | Dr. Padiyar Memorial Homoeopathic Medical College, Chottanikkara P O, Ernakulam |
| 2 | **KTH** | Athurasramam NSS Homoeopathic Medical College, Sachivothamapuram P O, Kottayam |
| 3 | **NEH** | Sree Vidhyadhiraja Homoeopathic Medical College, Nemom, Thiruvananthapuram |
| **എയ്ഡഡ് ആയുർവേദ മെഡിക്കൽ കോളേജുകൾ** | | |
| 4 | **OLR** | Vaidyaretnam Ayurveda College, Thaikkattussery P.O., Ollur, Thrissur |
| **സ്വകാര്യ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജുകൾ** | | |
| 5 | **AHA** | Ahalia Ayurveda Medical College, Elippara, Kozhipara, Palakkad |

| | | |
|---|---|---|
| 6 | **PPA** | P N Panicker Souhruda Ayurveda Medical College, Parakalai P O, Kasargode |
| 7 | **PRK** | Parassinikkadavu Ayurveda Medical College, Parassinikadavu P O, Kannur- 670 563 |
| 8 | **VSH** | Vishnu Ayurveda College, Govt. Press P O, Shornur, Palakkad |
| **സ്വകാര്യ സ്വാശ്രയ യുനാനി മെഡിക്കൽ കോളേജ്** | | |
| 9 | **MRU** | Markaz Unani Medical College & Hospital, Puthuppadi, Kozhikode |

*<u>കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനുമുള്ള കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ടുമെന്റ് നടത്തുകയുള്ളൂ.</u>

**<u>ഫീസ് നിരക്ക്:</u>**

| | | |
|---|---|---|
| **ഹോമിയോപ്പതി (BHMS)** | **സർക്കാർ/എയ്ഡഡ് ഹേമിയോപ്പതിക് മെഡിക്കൽ കോളേജുകൾ** | **Rs.2,087/-** |
| **ആയുർവേദ (BAMS)** | **സ്വകാര്യ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജുകൾ** | **50% Govt. Seats**<br>**Rs.75,000/-** |
| **യുനാനി (BUMS) **** | **സ്വകാര്യ സ്വാശ്രയ യുനാനി മെഡിക്കൽ കോളേജ്** | **50% Govt. Seats**<br>**Rs.65,000/-** |

**BUMS കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ബയോളജിക്കു മാത്രം 50 ശതമാനവും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ അർഹരാണ്. **<u>കൂടാതെ (a) വിദ്യാർത്ഥി പത്താം ക്ലാസ്സിലോ, പ്ലസ് ടു തലത്തിലോ ഉറുദു, അറബിക്, പേർഷ്യൻ എന്നിവയിലേതെങ്കിലും ഒരു വിഷയമായി പഠിച്ച് ജയിച്ചിരിക്കണം. അല്ലെങ്കിൽ (b) ഒരു വർഷം ദൈർഘ്യമുള്ള പ്രീ–ടിബ് പരീക്ഷ ജയിച്ചിരിക്കണം</u>.**

**<u>ടോക്കൺ ഡെപ്പോസിറ്റ്</u>**

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, സർക്കാർ ഉത്തരവ് നം. (എം.എസ്.)25/2005/SCSTDD, തീയതി: 20.06.2005 അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും **1000/- രൂപ** അടച്ച് അലോട്ട്മെന്റ് അംഗീകരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

ഗവണ്മെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കാൻ ബാധ്യസ്ഥരാണ്.

<u>**പ്രത്യേക ശ്രദ്ധയ്ക്ക്:** 23.10.2016 ന് പ്രസിദ്ധീകരിക്കുന്ന അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ, യുനാനി കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. ആയതിനാൽ സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ, യുനാനി കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം വിദ്യാർത്ഥികൾ അതത് കോളേജുകളിൽ **2016 ഒക്ടോബർ 25–ാം** തീയതി വൈകുന്നേരം 5 മണിയ്ക്കുള്ളിൽ നിർബന്ധമായും അഡ്മിഷൻ നേടിയിരിക്കണം. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4(C) പ്രകാരമുള്ള പിഴ ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.</u>

**എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിൽ സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ / സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ആയുർവേദ, ഹോമിയോ എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കോ മറ്റ് മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കോ അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4(a)(iii) അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനുശേഷം മാത്രമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ.**

**സർക്കാർ/ സർക്കാർ എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനുശേഷം മാത്രമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ.**

**കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം അലോട്ട്മെന്റ് സ്വീകരിക്കുന്നതിന് GO(Ms) No. 252/2014/H.Edn. Dated: 07.06.2014 എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.**

**മറ്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം വിടുതൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും നേടുന്നതിന് GO(Ms) No.155/2016/H.Edn. Dated: 30.06.2016, GO(Rt) No.1686/2016/H.Edn. Dated: 30.06.2016 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടതില്ല. എന്നാൽ ഇവർ അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയില്ല.**

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ 0471 2339101, 2339102, 2339103, 2339104 എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം

21.10.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**